**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2614** **06-10-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെയുള്ള നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള മണി ലെൻഡേഴ്സ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സ്വർണ്ണ പണ്ട പണയ വ്യാപാരം നടത്തിവരുന്ന സ്ഥാപനങ്ങൾ വ്യാജ സ്വർണ്ണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങളുടെ ഇരകളാകുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ മുക്കുപണ്ടം പണയം വച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 861 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുക്കുപണ്ടം പണയം വെച്ചത് സംബന്ധിച്ച് കെ.എസ്.എഫ്.ഇ യുടെ വിവിധ ശാഖകളിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട 133 അക്കൗണ്ടുകളിലായി 2.25 കോടി രൂപയോളം വരുന്ന വായ്പ ഇപ്പോഴും തീർപ്പാക്കാതെ നില നിൽക്കുന്നുണ്ടെന്നും ഇവയിലെല്ലാം തന്നെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള കുറ്റകൃത്യങ്ങൾ പോലീസിൽ പരാതിപ്പെടുമ്പോൾ കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥകൾ ഇല്ലാത്തതിനാൽ ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്യുവാൻ പോലീസ് അധികാരികൾ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | വ്യാജ സ്വർണം പണയം വച്ച് തട്ടിപ്പ് നടത്തുന്നതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി ലഭിക്കുന്ന അവസരങ്ങളിൽ BNS നിയമത്തിലെ 318(4) വകുപ്പ് (420 IPC) പ്രകാരവും കേരള മണി ലെൻഡേഴ്സ് ആക്ട് 18(ബി) വകുപ്പ് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. BNS നിയമത്തിലെ 318(4) വകുപ്പ് (420 IPC) പ്രകാരം ഇത്തരം കുറ്റകൃത്യങ്ങളിൽ പോലീസിന് നേരിട്ട് കേസെടുക്കാവുന്നതും (കോഗനൈസബിൾ) ജാമ്യം ലഭിക്കാത്തതും 7 വർഷം വരെ തടവും പിഴയും ലഭിക്കാവുന്നതുമാണ്. കേരള മണി ലെൻഡേഴ്സ് ആക്ട് 18(ബി) വകുപ്പ് പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾക്ക് നിലവിൽ 6 മാസം തടവോ 5000 രൂപ പിഴയോ രണ്ടും കൂടിയുള്ള ശിക്ഷയോ ആണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (സി) | കേരള മണി ലെൻഡേഴ്സ് ആക്ടിൽ വ്യാജ സ്വർണം പണയപ്പെടുത്തി പണം തട്ടുന്ന സംഘങ്ങൾക്കെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനായി ശക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ടി നിയമം ഭേദഗതി ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ? | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ